<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *539</u> <u>20.11.2019 ൽ മറുപടിയ്ക്ക്</u>

<u>ഐ.ടി.ഐ.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി</u>

*<u>ചോദ്യം</u>*

പ്രൊഫ.കെ.യു.അരുണൻ
ശ്രീ. എം.പ്രദീപ്കുമാർ
ശ്രീ.പി.കെ. ശശി
ശ്രീ. എൻ.വിജയൻ പിള്ള :

*<u>ഉത്തരം</u>*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ഐ.ടി.ഐ.കളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം എൻ.എസ്.ക്യൂ.എഫ് നിബന്ധനകൾ പ്രകാരം കൂടുതൽ തൊഴിൽ സാധ്യതയുള്ള നൂതന ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | **(എ)** ഐ.ടി.ഐ.കളിൽ കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കുന്നതും എൻ.എസ്.ക്യൂ.എഫ് നിബന്ധനകൾ പ്രകാരം പാഠ്യപദ്ധതി പരിഷ്കരിക്കുന്നതും തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതും ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി) ആണ്. ഡി.ജി.ടി കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം തൊഴിൽ സാധ്യതയുള്ള നൂതന ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| **(ബി)** പഠന മികവ് പുലർത്തുന്ന ട്രെയിനികൾക്ക് വിദേശ രാജ്യങ്ങളിൽ പ്രത്യേക പരിശീലനം ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | **(ബി)** 2018-19 വർഷം പഠന മികവ് പുലർത്തിയ 57 ട്രെയിനികളെ (41 ആൺകുട്ടികളും 16 പെൺകുട്ടികളും) പ്രത്യേക പരിശീലനത്തിനായി സിംഗപ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എഡ്യൂക്കേഷൻ സർവ്വീസ് (ITEES) എന്ന ലോകോത്തര നിലവാരത്തിലുള്ള പരിശീലന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ടി ട്രെയിനികൾ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. നടപ്പ് വർഷവും ഏകദേശം 70 ഓളം ട്രെയിനികളെ പ്രത്യേക പരിശീലനത്തിനായി സിംഗപ്പൂർ, ജർമ്മനി എന്നീ രാജ്യങ്ങളിൽ അയയ്ക്കാനാണ് ലക്ഷ്യമിടുന്നത്. |
| **(സി)** എല്ലാ വനിത ഐ.ടി.ഐ. കളിലും പട്ടികജാതി, പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന ഐ.ടി.ഐ. | **(സി)** ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യാവസായിക പരിശീലന വകുപ്പിന് |

| | | |
|---|---|---|
| കളിലും സൗജന്യ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ യെന്ന് അറിയിക്കുമോ; | | കീഴിലുള്ള 14 വനിതാ ഐ.ടി.ഐകളിലും, പട്ടികജാതി, പട്ടിക വർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ 3 ഐ.ടി.ഐകളിലും അടക്കം ആകെ 17 ഐ.ടി.ഐകളിൽ സൗജന്യ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐകളിലും ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. |
| **(ഡി)** പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ കൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; | | **(ഡി)** ഐ.ടി.ഐകളുടെ പ്രവർത്തനമികവ്, ട്രെയിനികളുടെ വിജയശതമാനം സ്ഥാപനത്തിലെ അടിസ്ഥാനസൗകര്യം, ശുചിത്വം, വാണിജ്യാടി സ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ, മറ്റ് മികവാർന്ന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം 2017-18-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐകളെയും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടു ത്തിയിട്ടുണ്ട്. |
| **(ഇ)** പ്രളയാനന്തര നിർമ്മിതിയുടെ ഭാഗമായി ഐ.ടി.ഐകളിൽ നൈപുണ്യ കർമ്മസേന രൂപീകരിച്ചി ട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം എന്തെന്ന് വിശദമാ ക്കുമോ? | | **(ഇ)** പ്രളയാനന്തര നിർമ്മിതിയുടെ ഭാഗമായി സർക്കാർ ഐ.ടി.ഐകളിൽ നൈപുണ്യ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 2018 -ൽ കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിൽ തകർന്ന വീടുകൾക്കുണ്ടായ ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്ററി സംബന്ധമായ കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരേയും ഐ.ടി.ഐ കളിലെ ട്രെയിനികളേയും ഉൾപ്പെടുത്തി ഹരിത കേരളം മിഷന്റെ സഹകരണത്തോടെ രൂപീകരിച്ച നൈപുണ്യ കർമ്മസേന സ്തുത്യർഹമായ സേവനം നിർവ്വഹിച്ചിരുന്നു. 2019-ലെ പ്രളയത്തിലും ടി സേനയുടെ പ്രവർത്തനം ലഭ്യമാക്കിയിരുന്നു. നൈപുണ്യ കർമ്മസേനയെ ഐ.ടി.ഐകളിലെ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ